പതിമൂന്നാംകേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2869 20.06.2013 – ൽ മറുപടിക്ക്

## കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന് ലോകബാങ്കുമായി കരാർ ഒപ്പ് വച്ച് ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. ഇതിന്റെ കരാർ 2013 ജൂൺ മാസം 19 - ാം തീയതി ഒപ്പ് വയ്ക്കുന്നതാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) 362.90 കി.മീ. ദൈർഘ്യം വരുന്ന താഴെപ്പറയുന്ന 6 റോഡുകൾ വികസിപ്പിക്കുന്നതിനും, റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട നവീകരണ പ്രവൃത്തികൾ തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ;-<br>1. പിലാത്തറ – പാപ്പിനിശ്ശേരി - 20.90 കി.മീ.<br>2. കാസറഗോഡ് – കാഞ്ഞങ്ങാട് - 27.76 കി.മീ.<br>3. തലശ്ശേരി – വളവുപാറ - 53.12 കി.മീ.<br>4. ചെങ്ങന്നൂർ- ഏറ്റുമാനൂർ -മൂവാറ്റുപുഴ - 87.90 കി.മീ.<br>5. പുനലൂർ-പൊൻകുന്നം-തൊടുപുഴ - 132.22 കി.മീ.<br>6. പെരുമ്പിലാവ് -പട്ടാമ്പി - -പെരിന്തൽമണ്ണ - 41 .00 കി.മീ. |

| | |
|---|---|
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) 2403 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള പ്രസ്തുത പ്രവൃത്തിയ്ക്കായി ലോകബാങ്ക് 1166 കോടി രൂപ ധനസഹായം നൽകുന്നതാണ്. ബാക്കി തുക സംസ്ഥാന സർക്കാർ കണ്ടെത്തുന്ന താണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡി) ലോകബാങ്കുമായി 2013 ജൂൺ 19 -ാം തീയതി കരാർ ഒപ്പിടുന്നതാണ്. 362.90 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളാണ് ആ പദ്ധതിയിൽ ഉള്ളത്. ഇതിൽ പിലാത്തറ- പാപ്പിനിശ്ശേരി, കാസർഗോഡ് - കാഞ്ഞങ്ങാട്, തലശ്ശേരി - വളവുപാറ എന്നീ റോഡുകളുടെ വികസന പ്രവൃത്തികൾ ആരംഭിച്ചു. ചെങ്ങന്നൂർ - ഏറ്റുമാനൂർ, ഏറ്റുമാനൂർ - മൂവാറ്റുപുഴ എന്നീ റോഡ് വികസന പ്രവൃത്തികളുടെ ടെണ്ടറുകൾ സൂക്ഷ്മ പരിശോധന നടത്തി വരുന്നു. തിരുവല്ലാ ബൈപ്പാസ്, പൊൻകുന്നം - തൊടുപുഴ റോഡുകളുടെ പ്രവൃത്തികൾ 2013 ജൂൺ മാസം ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുനലൂർ - പൊൻകുന്നം റോഡ് പി.പി.പി. മോഡിൽ നിർമ്മിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡിന്റെ അലൈൻമെന്റ് അംഗീകരിച്ച്, തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ